# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2025- 26

## CLASS VIII (2nd Lang.) MALAYALAM

## മലയാളം

**Time allowed: 2½Hours** **Maximum Marks: 80**

അനുവദിച്ച സമയം: 2½മണിക്കൂർ ആകെ മാർക്ക് : 80

**Date: 21-09-2025**

---

❖ **Please check that this question paper contains 6 printed pages and 16 questions.**

---

I) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

പ്രകൃത്യാ ഉണ്ടാകുന്ന വലിയ ജലസംഭണികളെ നദികൾ എന്ന് വിളിക്കുന്നു. നദികളെ പുഴകൾ, ആറുകൾ എന്നും വിളിക്കാറുണ്ടെങ്കിലും അവ ചെറിയ ജലസരണികളാണ്. ഭൂമിയിൽ പതിക്കുന്ന മഴവെള്ളം ചെറിയ അരുവികളായി രൂപം കൊള്ളുന്നു. അരുവികൾ പുഴകളാകുന്നു. പുഴകൾ നദികളായി കടലിൽ ചേരുന്നു. നദിയുടെ ഉത്ഭവം ജലസമൃദ്ധമായ ഉറവ, ജലാശയം എന്നിവയിൽ നിന്നാകാം. നീരൊഴുക്ക് ശക്തി പ്രാപിക്കുന്ന സ്ഥാനമാണ് നദിയുടെ പ്രഭവസ്ഥാനം. നീരൊഴുക്കിന്റെ ചാലിന് നദീപഥം എന്ന് പറയുന്നു. നദി കടലിലേക്കോ ജലാശയത്തിലേക്കോ ഒഴുകി വീഴുന്ന ഇടത്തിന് പതനസ്ഥാനം, നദീമുഖം എന്നിങ്ങനെ പേരുകളുണ്ട്. ഒരു നദീപഥത്തിലേക്ക് ഒഴുകിച്ചേർന്ന് ജലപ്രവാഹത്തെ ലയിപ്പിക്കുന്ന ചെറുനദികളെ പോഷകനദിയെന്നു പറയുന്നു. ഭൗമോപരിതലത്തിൽ വർഷപാതത്തിലൂടെ വന്നെത്തുന്ന ജലത്തിന്റെ മുപ്പത്തിയഞ്ച് ശതമാനത്തോളം നീർചാലുകളായും, വൻനദികളായും, തോടുകളായും, തടിനികളായും രൂപാന്തരം പ്രാപിക്കുന്നു. ജലപ്രവാഹത്തോടൊപ്പം ചില പദാർത്ഥങ്ങളുടെയും, മാലിന്യങ്ങളുടെയും വമ്പിച്ച ശേഖരത്തെ നദിക്ക് ഉൾക്കൊള്ളേണ്ടി വരുന്നു. കരകവിഞ്ഞൊഴുകുന്ന പ്രളയജലം വഹിച്ചുകൊണ്ടുവരുന്ന പദാർത്ഥങ്ങളെ നദീപഥത്തിന്റെ ഇരുപുറവുമായി നിക്ഷേപിക്കുന്നു. ഇത് ആവർത്തിക്കുന്നതിലൂടെ നദീതടത്തിന്റെ പതനസ്ഥലത്തോടുള്ള പ്രദേശം വിസ്തൃതമായ എക്കൽസമതലമായി രൂപാന്തരപ്പെടുന്നു.

**ചോദ്യങ്ങൾ** **(5 x 1=5)**

1) പ്രകൃത്യാ ഉണ്ടാകുന്ന വലിയ ജലസംഭരണികളെ എന്താണ് വിളിക്കുന്നത്?
2) നദിയുടെ ഉത്ഭവം എവിടെനിന്നാണ്?
3) ഭൂമിയിൽ പതിക്കുന്ന മഴവെള്ളം എന്തായി രൂപം കൊള്ളുന്നു?
4) നീരൊഴുക്കിന്റെ ചാലിനു പറയുന്ന പേരെന്ത്?
5) എക്കൽ സമതലം രൂപാന്തരപ്പെടുന്നതിന്റെ കാരണം എന്ത്?

**II) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **(12x ½= 6)**

1) 'ഒരാളെ വിശ്വസിക്കുന്നതിന് മുമ്പ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം'. ആരുടെ വാക്കുകളാണിത്?
   (കച്ചവടക്കാരന്റെ, മകന്റെ, ജ്ഞാനിയുടെ )
2) ഭാരതഭൂമി പ്രസവിച്ച കർമ്മയോഗിയായി വള്ളത്തോൾ വാഴ്ത്തുന്നതാരെ?
   (യേശുദേവനെ, മഹാത്മാഗാന്ധിയെ, രന്തീദേവനെ)
3) ''വർണ്ണത്തിളപ്പിന്റെ ലോകം വളരെപ്പെട്ടെന്ന് അവരെ മാറ്റിമറിക്കും''. കഥാകാരൻ ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?
   (അമ്മമ്മയെക്കുറിച്ച്, പേരക്കുട്ടികളെക്കുറിച്ച്, അയൽക്കാരെക്കുറിച്ച് )
4) 'എന്റെ ഗുരുനാഥൻ' എന്ന കവിത ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?
   (സാഹിത്യമഞ്ജരി മൂന്നാം ഭാഗം, സാഹിത്യമഞ്ജരി രണ്ടാം ഭാഗം,
   സാഹിത്യമഞ്ജരി നാലാം ഭാഗം)
5) 'ആൽക്കെമിസ്റ്റ് 'എന്ന നോവൽ എഴുതിയതാര്?
   (പൗലോ കൊയ്‌ലോ, രമാ മേനോൻ, പി സുരേന്ദ്രൻ)
6) 'ശാശ്വതമഹിംസയാണമ്മഹാത്മാവിൻ വ്രതം'-ആരെക്കുറിച്ചാണ് വള്ളത്തോൾ ഇങ്ങനെ പറയുന്നത്?
   (യേശുദേവനെ, ശങ്കരാചാര്യരെ, ഗാന്ധിജിയെ)
7) വള്ളത്തോൾ എഴുതിയ മഹാകാവ്യം ഏത്?
   (ഉമാകേരളം, ചിത്രയോഗം, സാമൂഹ്യപാഠം)
8) 'തിളങ്ങുന്ന സൂചി എന്ന് കഥാകൃത്ത് വിശേഷിപ്പിക്കുന്നത് എന്ത്?
   (കുട്ടികളുടെ കണ്ണീർ, അമ്മയുടെ കണ്ണീർ, എഴുത്തുകാരന്റെ കണ്ണീർ)
9) "അവരുടെ കരച്ചിലുകൾക്ക് കാതുകൊടുക്കാതെ അവൻ എങ്ങോട്ടോ ഓടിപ്പോയി''

ആരാണ് ഓടിപ്പോയത്?

(അമ്മമ്മയുടെ പേരക്കുട്ടി, അമ്മമ്മയുടെ മകൾ, അമ്മമ്മയുടെ മകളുടെ ഭർത്താവ് )

10) ഗാന്ധിജിയെ ഗുരുനാഥനായി സങ്കൽപ്പിച്ചിരിക്കുന്നതാര്?

(വള്ളത്തോൾ, യൂസഫലികേച്ചേരി, പി. സുരേന്ദ്രൻ)

11) ജ്ഞാനിയുടെ വാസസ്ഥലം എവിടെയാണ്?

(കുന്നിൻമുകളിൽ, കുന്നിൻചെരുവിൽ, പട്ടണത്തിൽ)

12) ''എൻ ചോറുമാക്കഞ്ഞിവെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ". ആരാണ് ഇങ്ങനെ പറഞ്ഞത്?

(ഉമ്മ, കുട്ടി, കവി)

**III) അർത്ഥം എടുത്തെഴുതുക.** **(6x ½=3)**

1) പോറ്റുക

(പിന്മാറുക, പരിഭ്രമിക്കുക, സംരക്ഷിക്കുക)

2) വിഹായസ്സ്

(പർവ്വതം, ആകാശം, വൃക്ഷം)

3) പൈയ്ക്കുന്ന

(യാചിക്കുന്ന, വിശക്കുന്ന, പ്രത്യക്ഷപ്പെടുന്ന)

4) താഴ്മ

(വിനയം, പ്രദാനം, ഉന്നതി)

5) ശമം

(ശസ്ത്രം, ശാന്തി, ശരീരം)

6) ഉദ്യാനം

(പൂന്തോട്ടം, കൊട്ടാരം, കഠിനം)

**IV) എതിർലിംഗം എഴുതുക.** **(4x ½=2)**

1) കാതരൻ

(കാതരി, കാതര, കാതിര)

2) അധ്യാപകൻ

(അധ്യാപക, അധ്യാപികി, അധ്യാപിക)

3) ആചാര്യൻ

(ആചാര്യ, ആചാരി, ആചാരിക)

4) ഗുരുനാഥൻ

(ഗുരുനാഥി, ഗുരുനാഥ, ഗുരുനാഥക)

## V) പര്യായപദങ്ങൾ എടുത്തെഴുതുക. (7x 1=7)

1) ആകാശം

(വാനം, ശഷ്പം, ഘാസം, ഗഗനം)

2) കണ്ണ്

(മനം, മിഴി, മഖം, നയനം)

3) ലോകം

(ജഗത്, ഭവനം, ഗഗനം, ജഗതി)

4) മകൻ

(സുതൻ, താതൻ, തനയൻ, താപസൻ)

5) താരകം

(ഉപലം, തനയ, നക്ഷത്രം, താരം)

6) മനസ്സ്

(മനം, മുഖം, ചിത്തം, മഖം)

7) കിണർ

(കൂപം, അന്ധു, അദ്രി, മരാളം)

## VI) വിഗ്രഹിച്ചെഴുതുക. (4x½ 2)

1) അമ്മവിളക്ക്

(അമ്മയാകുന്ന വിളക്ക്, അമ്മയുടെ വിളക്ക്, അമ്മയിലെ വിളക്ക്)

2) ഹിംസാദോഷം

(ഹിംസ പോലുള്ള ദോഷം, ഹിംസ എന്ന ദോഷം, ഹിംസയാകുന്ന ദോഷം)

3) യുദ്ധക്കെടുതി

(യുദ്ധമാകുന്ന കെടുതി, യുദ്ധം എന്ന കെടുതി, യുദ്ധം മൂലമുള്ള കെടുതി)

4) തെളിനീര്

(തെളിവിന്റെ നീര്, തെളിവ് ആകുന്ന നീര്, തെളിഞ്ഞ നീര്)

## VII) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക (4x ½=2)

1) സമസ്വച്ഛം, സമസ്വശ്ചം, സമസ്വച്ചം

2) വിധ്യാലയം, വിദ്യാലയം, വിദ്ദ്യാലയം

3) പ്രൗഢഗംഭീരം, പ്രൗഡഗംഭീരം, പ്രൗഢഗംബീരം

4) കല്പപാദപം, കല്പപാധപം, കല്പപാതപം

**VIII) നാനാർത്ഥപദങ്ങൾ എഴുതുക** **(4x 1= 4)**

| | |
|---|---|
| 1) വർണം | 2) യോഗം |
| 3) വർഷം | 4) മണി |

**IX) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** **(6x 1= 6)**

| | |
|---|---|
| 1) അമ്മമ്മ | 2) തേവിത്തേവി |
| 3) കറിയില്ല | 4) കുറച്ചല്ല |
| 5) കോണിപ്പടി | 6) ഗംഗയാറ് |

**X) ചേർത്തെഴുതുക** **(6x 1= 6)**

| | |
|---|---|
| 1) ത്യാഗം+എന്നത് | 2) പ്രസിദ്ധൻ + ആയ |
| 3) പതുങ്ങി+എത്തി | 4) എണ്ണ + ഉണ്ട് |
| 5) ചില്ലറ + തുട്ട് | 6) ഉള്ള് + അലിഞ്ഞ് |

**XI) വിപരീതപദം എഴുതുക** **(4x 1=4)**

| | |
|---|---|
| 1) സമൃദ്ധം | 2) ഹിംസ |
| 3) നേട്ടം | 4) സന്തോഷം |

**XII) തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2x 1=2)**

1) ഇപ്പോൾ ഇടയ്ക്കിടെ ഇടവിട്ട് മൂന്നു പേരെയും കാണാൻ അമ്മമ്മ വരും

2) വൃദ്ധൻ കഥ പറഞ്ഞു നിർത്തിയപ്പോൾ ഇടയൻ മിണ്ടാതെ നിശ്ശബ്ദനായി നിന്നു

**XIII) ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** **(2x 1=2)**

| | |
|---|---|
| 1) മുഖം കറുപ്പിക്കുക | 2) നിറവേറ്റുക |

**XIV) അർത്ഥവ്യത്യാസം എഴുതുക.** **(4x 1=4)**

| | |
|---|---|
| 1) ഉദ്ദേശ്യം - ഉദ്ദേശം | 2) ദേഹം - ദേഹി |
| 3) പാവം - പാപം | 4) ചുമർ - ചുമൽ |

**XV)** നിങ്ങളുടെ സ്കൂളിലെ കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്യുന്നതിനായി ജില്ലാകളക്ടറെ ക്ഷണിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക. **(5)**

**അല്ലെങ്കിൽ**

താഴെ കൊടുത്തിരിക്കുന്ന ആശയം വിപുലീകരിച്ച് ഒരു ഖണ്ഡിക എഴുതുക.

' സ്നേഹമാണഖിലസാരമൂഴിയിൽ '

**XVI)** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. **(10x2=20)**

1) എന്തിനാണ് കുട്ടി ചോറിനു മുമ്പിൽ മുഖം കറുപ്പിച്ചിരുന്നത്?
2) മഹാന്മാരുടെ എന്തെല്ലാം ഗുണങ്ങളാണ് ഗാന്ധിജിയിൽ കവി കാണുന്നത്?
3) 'എന്റെ വേവലാതി അതൊന്നുമല്ല'. എന്താണ് കഥാകൃത്തിന്റെ വേവലാതി?
4) ഗാന്ധിജിയെ ആചാര്യൻ എന്ന് കവി വിശേഷിപ്പിക്കാൻ കാരണം എന്ത്?
5) ഉമ്മ വിതുമ്പിക്കൊണ്ട് എന്തുപദേശമാണ് കുട്ടിക്കു നൽകിയത്?
6) വൃദ്ധൻ പറഞ്ഞ കഥയുടെ ഗുണപാഠം എന്തായിരുന്നു?
7) സന്ന്യാസി കച്ചവടക്കാരന്റെ മകനോട് എന്തു ചെയ്യാനാണ് ആദ്യം ആവശ്യപ്പെട്ടത് ?
8) മഹാത്മാഗാന്ധിജിയെ കവി യോഗവിത്ത് എന്ന് വിളിക്കുന്നത് എന്തുകൊണ്ട് ?
9) പേരക്കുട്ടികളുടെ അധ്യാപകരെ കണ്ട് അമ്മമ്മ പറയുന്ന കാര്യങ്ങൾ എന്തെല്ലാം?
10) ഗാന്ധിജിയെ കാണുമ്പോൾ ആരിലെല്ലാമാണ് മാറ്റങ്ങൾ ഉണ്ടാകുന്നത് ?
11) ജ്ഞാനിയുടെ കൊട്ടാരത്തിനകത്ത് കച്ചവടക്കാരന്റെ മകനെ വിസ്മയിപ്പിച്ച കാഴ്ചകൾ എന്തെല്ലാം?
12) ആരോടെല്ലാമാണ് കവി ഗാന്ധിജിയെ താരതമ്യപ്പെടുത്തുന്നത്?

****